ഉത്തരം

(എ) സ്ത്രീകളുടെയും കുട്ടികളുടെയും പ്രതിരോധ കുത്തിവയ്പിനുള്ള ചില മരുന്നുകളുടെ മലബാർ മേഖലയിലെ വിതരണത്തിന് ചില ബുദ്ധിമുട്ടുകൾ ഉണ്ടായെങ്കിലും അവ ശ്രദ്ധയിൽപ്പെട്ട ഉടനെ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഓരോ വർഷത്തേക്കും ആവശ്യമുള്ള വാക്സിനുകൾ മുൻകൂർ കണക്കാക്കി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രാലയത്തോട് ആവശ്യപ്പെടുകയും അതനുസരിച്ച് കേന്ദ്രസർക്കാർ നൽകുകയുമാണ് ചെയ്യുന്നത്. ടി വാക്സിനുകൾ വിവിധ പ്രാദേശിക സംഭരണശാലകൾവഴി വിതരണം ചെയ്തുവരുന്നുണ്ട്. രോഗപ്രതിരോധത്തിനാവശ്യമായ മരുന്നുകൾ യഥാസമയം എത്തിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നുണ്ട്.

മാനസികരോഗ ചികിത്സയ്ക്ക് മാത്രമായി നിലവിലുള്ള ആശുപത്രികൾ

112 [2544] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസികരോഗ ചികിത്സയ്ക്ക് മാത്രമായി എത്ര സർക്കാർ ആശുപത്രികളാണ് ഉള്ളത്;

(ബി) പ്രസ്തുത ആശുപത്രികളിലായി എത്ര രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്;

(സി) സഹകാര്യ മേഖലയിൽ എത്ര ആശുപത്രികളുണ്ട്;

(ഡി) മാനസികരോഗം ബാധിച്ചവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) രോഗികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ചികിത്സാകേന്ദ്രങ്ങളുടെ വികസന പ്രവർത്തനങ്ങളും, ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും എണ്ണവും വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) ബന്ധുമിത്രാദികൾ ഇല്ലാത്ത എത്ര രോഗികളാണ് വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്;

(ജി) രോഗവിമുക്തരാകുന്ന നിരാശ്രയരായവരെ പുനരധിവസിപ്പിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്ത് മാനസിക രോഗ ചികിത്സയ്ക്ക് മാത്രമായി മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആശുപത്രികളിൽ 1342 കിടക്കകളാണ് ആകെ അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ 1491 രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്.

(സി) സഹകാര്യ മേഖലയിലുള്ള ആശുപത്രികളെക്കുറിച്ചുള്ള വ്യക്തമായ വിവരം ലഭ്യമല്ല. എന്നാൽ മാനസിക രോഗികളുടെ ചികിത്സ, പുനരധിവാസം, ലഹരി വിരുദ്ധ ക്ലിനിക്കുകൾ എന്നിവയുടെ നടത്തിപ്പിനുള്ള ലൈസൻസിനായി 113 അപേക്ഷകൾ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള ഒരു പഠനം നടത്താനുള്ള നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(ഇ) ആരോഗ്യ വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലാ ആശുപത്രികളിലും മാനസിക രോഗ ചികിത്സാവിഭാഗം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 15 താലൂക്കാശുപത്രികളിലും ഇതിനുള്ള സൗകര്യം ഏർപ്പെടുത്തിവരുന്നു. പ്രത്യേക മാനസികരോഗ ചികിത്സാ വിഭാഗങ്ങൾ പ്രവർത്തനസജ്ജമാണ്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലെ മനോരോഗ ചികിത്സാവിഭാഗങ്ങളും മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ചികിത്സാ സൗകര്യവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ 16 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(എഫ്) 195 രോഗികൾ.

(ജി) മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും രോഗവിമുക്തരായവരുടെ പുനരധിവാസത്തിനായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോ സയൻസിന്റെ കീഴിൽ ഇത്തരത്തിലുള്ള ഒരു പുനരധിവാസ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെയും കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കഴക്കൂട്ടത്ത് ഒരു സാമൂഹികാധിഷ്ഠിത പുനരധിവാസ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലൊരു കേന്ദ്രംകൂടി ഫറൂക്ക് ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ കോഴിക്കോട്ട് തുടങ്ങാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ പുനരധിവാസ പ്രവർത്തനങ്ങളിൽ സർക്കാരിതര സന്നദ്ധ സംഘടനകളെ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമവും നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ അഭയ എന്ന ഒരു സന്നദ്ധ സംഘടനയുടെ സഹായത്തോടെ മാനസിക രോഗ വിമുക്തരായവർക്കായി ഒരു പകൽവീട് പ്രവർത്തിച്ചുവരുന്നുണ്ട്. നിരാശ്രയരായ രോഗികളെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള പുനരധിവാസ കേന്ദ്രങ്ങളിൽ പാർപ്പിച്ചു സംരക്ഷിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പേവിഷ പ്രതിരോധ വാക്സിൻ ലഭ്യമാക്കാൻ നടപടി

113 [2545] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പട്ടി കടിച്ചവർക്ക് കുത്തിവയ്പിനുള്ള മരുന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്ന് ലഭ്യമല്ലാത്തതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കുത്തിവയ്പിനുള്ള പ്രതിരോധമരുന്ന് ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഇവിടെ ആവശ്യത്തിന് മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ ഉത്തരവ് ലഭ്യമാക്കുന്നതിൽ വന്ന കാലതാമസംമൂലമാണ് പേപ്പട്ടിവിഷത്തിനുള്ള മരുന്നിന് ഓർഡർ കൊടുക്കുന്നതിൽ കാലതാമസം ഉണ്ടായത്.

(സി) ഉദ്യോഗസ്ഥതലത്തിൽ അനാസ്ഥ ഉണ്ടായിട്ടില്ല.

(ഡി) മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പേവിഷബാധ

114 [2546] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 4 വർഷത്തിനിടയിൽ എത്രപേർക്ക് പേപ്പട്ടി വിഷബാധ ഉണ്ടായെന്നും എത്രപേർ വിഷബാധമൂലം മരണപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഈ കാലയളവിൽ പേപ്പട്ടിവിഷബാധയ്ക്കെതിരെയുള്ള മരുന്ന് ലഭ്യമല്ലാത്തതുമൂലം രോഗികൾ മരിക്കാനിടയായിട്ടുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങളും നൽകാമോ;

(സി) സംസ്ഥാനത്തെ പേപ്പട്ടിവിഷവ്യാപനം തടയുന്നതിന് സർക്കാരും തദ്ദേശസ്വയംഭരണ സമിതികളും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവ എത്രകണ്ട് ഫലപ്രദമാണെന്നും വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly